# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്

ഹെഡ് ഓഫീസ്- കോട്ടയം

SAL-F-700/3844 28/11/2025

## ടെണ്ടർ നോട്ടീസ്

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും വടവാതൂർ സ്റ്റാഫ് ക്വാർട്ടേഴ്സ് പരിസരത്തുമായി കിടക്കുന്ന പഴയതും ഉപയോഗശൂന്യവുമായ സാധനങ്ങൾ വിലയ്ക്കെടുക്കുവാൻ തയ്യാറുള്ളവരിൽ നിന്നും മുദ്ര വച്ച ടെണ്ടറുകൾ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു. (ഉപയോഗശൂന്യമായ സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധിച്ചിരിക്കുന്നു).

## വ്യവസ്ഥകൾ

1. ടെണ്ടറുകൾ 15.12.2025-ന് 1.00 PM വരെ 2,000/- രൂപ നിരതദ്രവ്യം സഹിതം കോട്ടയം ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും 15.12.2025, 3.00 PM ന് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
2. ടെണ്ടറിൽ ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്നയാൾ 15.12.2025-ന് തന്നെ 5000/- രൂപ കോട്ടയം ഹെഡ് ഓഫീസിലടക്കേണ്ടതാണ്. ടെണ്ടർ ഉറപ്പിക്കുന്ന പക്ഷം ഈ തുക കരാർ തുകയായി പരിഗണിക്കുന്നതും ബാക്കി വരുന്ന തുക മാത്രം അടച്ചാൽ മതിയാകുന്നതുമാണ്.
3. **ടെണ്ടറിൽ ലോട്ട് I പ്രകാരമുള്ള സാധനങ്ങൾക്ക് ഒരു കിലോഗ്രാമിന് നൽകാവുന്ന ഏറ്റവും കൂടിയ വിലയും ലോട്ട് II പ്രകാരമുള്ള സാധനങ്ങൾക്ക് ഒരെണ്ണത്തിന് നൽകാവുന്ന ഏറ്റവും കൂടിയ വിലയുമാണ് കാണിക്കേണ്ടത്. വിലയ്ക്ക് പുറമെ നിയമാനുസൃതമായ നികുതികളും അടയ്ക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതാണ്.**
4. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പഴയതും ഉപയോഗശൂന്യവുമായ സാധനങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമേ ടെൻഡർ സമർപ്പിക്കുവാൻ പാടുള്ളൂ. ടെൻഡറിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.
5. ടെണ്ടർ ഉറപ്പിച്ച് അറിയിപ്പ് ലഭിക്കുന്നയാൾ അറിയിപ്പ് തിയതി മുതൽ 5 ദിവസത്തിനുള്ളിൽ 10,000/- (പതിനായിരം) രൂപ സെക്യൂരിററി ഡിപ്പോസിറ്റ് കെട്ടിവെയ്ക്കേണ്ടതും 200/- രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെച്ച് വർക്ക് ഓർഡർ കൈപ്പറ്റി ജോലി തുടങ്ങേണ്ടതുമാണ്.
6. ടെണ്ടറിൽ പങ്കെടുക്കുന്ന സമയത്ത് പാൻകാർഡ്, ഐഡന്റിറ്റികാർഡ് എന്നിവയുടെ കോപ്പി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം E.M.D സ്വീകരിക്കുന്നതല്ല.
7. ടെണ്ടറിൽ പങ്കെടുത്ത് എഗ്രിമെന്റ് വെച്ച് 14 ദിവസത്തിനുള്ളിൽ ടി സാധനസാമഗ്രികൾ നീക്കം ചെയ്യാതിരുന്നാൽ ടെണ്ടർ ഫോം എഗ്രിമെന്റ് രേഖയായി കണക്കാക്കി ടി വർക്കുകൾ ടി ടെൻഡറുകരന്റെ നഷ്ടോത്തരവാദിത്വത്തിൽ കോർപ്പറേഷൻ പുനർ ദർഘാസ് നടത്തുന്നതും ടി നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതും കൂടാതെ നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.
8. കോർപ്പറേഷൻ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
9. കരാറുകാരൻ നിയമാനുസൃത നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.
10. ടെണ്ടർ ഫോം 118/- രൂപയ്ക്ക് (നിയമാനുസൃത നികുതിയടക്കം പാൻകാർഡ് ഉള്ളവർക്കുമാത്രം) ഹെഡ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

11. കരാർ ജോലിക്കിടയിൽ കരാറുകാരനിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ യാതൊരുവിധ നാശമോശപ്രവൃത്തികളും നിയമവിരുദ്ധപ്രവൃത്തികളും ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽ കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. ഇത്തരത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.
12. സാധനസാമഗ്രികൾ കൊണ്ടുപോകുന്ന സമയം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെയായിരിക്കും. ഹെഡ് ഓഫീസ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിനോ അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനോ അനുവദിക്കുന്നതല്ല.
13. കരാറനുസരിച്ച് ജോലി പൂർത്തീകരിച്ചതിനുശേഷം 15 ദിവസത്തിനുള്ളിൽ പി സി കെ യുടെ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും ടി ജോലി സംബന്ധിച്ച് യാതൊരു ബാധ്യതയുമില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കി സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ കൈപ്പറ്റേണ്ടതാണ്.
14. കോർപ്പറേഷനിലെ നിലവിലുള്ള മററ് ടെണ്ടറുകളുടെ പൊതുവായ വ്യവസ്ഥകൾ ഈ ടെണ്ടറിനും ബാധകമായിരിക്കും.
15. ടെണ്ടറുകൾ തുറക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസം ഏതെങ്കിലും കാരണവശാൽ ആയതിന് കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം അതേ സമയത്ത് ടി ടെണ്ടർ നടത്തുന്നതുമാണ്.
16. ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ ദീർഘിപ്പിച്ച തിയതിവരെ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

ജനറൽ മാനേജർ (സി)

**പ്ലാന്റേഷൻ കോർപ്പറേഷന്റെ കോട്ടയം ഹെഡ് ഓഫീസിലും വടവാതൂർ സ്റ്റാഫ് ക്വാർട്ടേഴ്സ് പരിസരത്തുമായി കിടക്കുന്ന പഴയതും ഉപയോഗശൂന്യവുമായ സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

## LOT- 1

| Sl.No | Item | Unit | Quantity (Approx.) | Location | Quoted Rate |
|---|---|---|---|---|---|
| 1 | Roofing sheet (GI) at terrace of H.O building | Kg | 651.00 | Head Office | |
| 2 | Pipe at Terrace of H.O building | Kg | 907.50 | Head Office | |
| 3 | Steel Almirah in 3rd Floor | Kg | 90.00 | Head Office | |
| 4 | Steel waste at carporch | Kg | 96.00 | Head Office | |
| 5 | Steel Chair 5 nos. | Kg | 26.50 | Head Office | |
| 6 | Fire cylinder 2 nos. | Kg | 15.00 | Head Office | |
| 7 | Vehicle accessories | Kg | 21.00 | Head Office | |
| 8 | Aluminium waste at carporch | Kg | 9.00 | Head Office | |
| 9 | Waste paper in 3rd floor | Kg | 38.00 | Head Office | |
| 10 | Base board | Kg | 20.00 | Head Office | |
| 11 | Plastic bottles, parts of vehicles | Kg | 10.00 | Head Office | |
| 12 | Roofing sheet – GI | Kg | 231.90 | Vadavathoor Staff Quarters | |
| 13 | Iron Items | Kg | 689.00 | Vadavathoor Staff Quarters | |
| 14 | Barrel – Tar | Kg | 300.00 | Vadavathoor Staff Quarters | |
| 15 | MS Sheet | Kg | 528.50 | Vadavathoor Staff Quarters | |
| 16 | Plastic bottles | Kg | 8.00 | Vadavathoor Staff Quarters | |
| 17 | Cable | Kg | 65.00 | Vadavathoor Staff Quarters | |

(PTO)

# LOT- II

| Sl.No | Item | Unit | Quantity (Approx.) | Location | Quoted Rate |
|---|---|---|---|---|---|
| 1 | Tyre | Nos. | 28 | Head Office | |
| 2 | Monitor | Nos. | 5 | Vadavathoor Staff Quarters | |
| 3 | Computer Mouse | Nos. | 20 | Head Office | |
| 4 | Telephones | Nos. | 26 | Head Office | |
| 5 | LCD Monitor | Nos. | 17 | Head Office | |
| 6 | Keyboard | Nos. | 23 | Head Office | |
| 7 | Printer | Nos. | 1 | Head Office | |
| 8 | CPU | Nos. | 3 | Head Office | |